<u>കേരള സർക്കാർ</u>

<u>പതിമൂന്നാം കേരള നിയമസഭ</u>
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1979
22.03.2012–ലെ മറുപടിക്ക്

<u>തസ്തിക തുല്യതയിലെ അപാകത പരിഹരിക്കാൻ നടപടി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.കെ.എം. മാണി<br>ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| (എ) 2006–ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഹയർ സെക്കന്ററി (സീനിയർ) അദ്ധ്യാപകരുടേതിന് തുല്യമായ സ്കെയിലിൽ ശമ്പളം ലഭിച്ചിരുന്ന ഏതെല്ലാം തസ്തികകളാണ് നിലവിലുണ്ടായിരുന്നത്; | 2006–ലെ ശമ്പള പരിഷ്കരണ ഉത്തരവ് (25.03.2006–ലെ ജി.ഒ.(പി)നം.145/06/ധന) പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കന്ററി (സീനിയർ) അദ്ധ്യാപകൻ എന്ന തസ്തിക നിലവിലില്ല. |
| (ബി) 2011–ലെ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് ഹയർ സെക്കന്ററി അദ്ധ്യാപകരുടെയും പ്രസ്തുത തസ്തികക ളിലുള്ളവരുടെയും ശമ്പളം ഒരേ സ്കെയിലി ലാണോ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിൽ 30–ൽ താഴെ ശമ്പള സ്കെയിലുകളിലായാണ് 4000–ൽ അധികം വരുന്ന വിഭാഗങ്ങളിലുള്ള (category of post) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി ശമ്പള സ്കെയിൽ അനുവദിച്ചുവരുന്നത്.അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, അധിക യോഗ്യത, ജോലിയുടെ സ്വഭാവം, ഉത്തരവാദിത്തം, ജോലി സമയം, |

| | |
|---|---|
| | ചുമതലകൾ, പ്രവർത്തനപരമായി മറ്റു തസ്തികകളുമായുള്ള ബന്ധം, നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ തുടങ്ങി വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ഓരോ വിഭാഗത്തിന്റെയും ശമ്പളം പരിഷ്കരിച്ച് ഉത്തരവാകുന്നത്. ആയതിനാൽ സമാനമായ ശമ്പളസ്കെയിലുകൾ വിവിധ വിഭാഗങ്ങൾക്ക് തുല്യതയുടെ അടിസ്ഥാനത്തിലല്ല അനുവദിച്ച് നൽകി വരുന്നത്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഒരു ശമ്പള പരിഷ്കരണ ഉത്തരവിൽ ഒരേ ശമ്പള സ്കെയിലിൽ നിലനിന്നിരുന്ന വിവിധ വിഭാഗങ്ങൾക്ക് തുടർന്നുള്ള പരിഷ്കരണങ്ങളിലും ഒരേ സ്കെയിലിൽ പരിഷ്കരണം അനുവദിക്കുക എന്നത് നിലനിൽക്കുന്നതല്ല. അതിനാൽ 2011-ലെ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് ഹയർ സെക്കന്ററി അദ്ധ്യാപകരുടെയും പ്രസ്തുത തസ്തികയുടെ ശമ്പളസ്കെയിലിലുണ്ടായിരുന്നവരുടേയും ശമ്പളം ഒരേ സ്കെയിലിലല്ല അനുവദിച്ചിട്ടുള്ളത്. |
| (സി) അല്ലെങ്കിൽ പ്രസ്തുത അപാകത പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങളിൽ 26.05.2011-ലെ 29/11/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് അതതു വകുപ്പ് തലവൻമാർ, ഭരണ വകുപ്പ് |

| | |
|---|---|
| | എന്നിവരുടെ അഭിപ്രായവും സ്പെഷ്യൽ റൂൾ ഉൾപ്പെടെയുള്ള രേഖകളും ലഭ്യമാക്കുന്നതിനായി ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ